"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് ജീവനക്കാർക്കെതിരായ ഒരു വർഷത്തിനുമേൽ പഴക്കമുള്ള അച്ചടക്കനടപടിയും തുടർനടപടിയും എടുക്കാത്ത പോക്സോ കേസുകളിൽ കുറ്റാരോപിതർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി/ആർ.ഡി.ഡി എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3616/2025/GEDN തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-
1. സ.ഉ(സാധാ) നം **654/2025**/പൊ.വിവ തീയതി **23/01/2025**
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **29/01/2025** ലെ **DGE/4186/2024-VA5** നമ്പർ കത്ത്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ വകുപ്പിലെ ഒരു വർഷത്തിനുമേൽ പഴക്കമുള്ള അച്ചടക്കനടപടിയും തുടർനടപടിയും എടുക്കാത്ത **POCSO** കേസുകളിൽ നിയമനാധികാരി/മേലധികാരി എന്ന നിലയിൽ, പുതുതായി അച്ചടക്ക നടപടി തുടങ്ങുന്നതിനും, തുടർനടപടി എടുക്കാത്ത കേസുകളിൽ പുതുതായി അച്ചടക്ക നടപടി തുടങ്ങാതെ **(de novo)** തുടർന്നുവരുന്ന അച്ചടക്ക നടപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപെടുത്തി പരാമർശം **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2.** എന്നാൽ പോക്സോ കേസുകളിൽ ഉൾപ്പെട്ട എയ്ഡഡ് സ്കൂളിലെ ജീവനക്കാരുടെ അച്ചടക്കാധികാരി **മാനേജർ** ആയതിനാൽ പ്രസ്തുത ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ വ്യക്തത നൽകണമെന്ന് പരാമർശം **(2)** പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KER വകുപ്പ് 12 A അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശങ്ങൾ മാനേജർക്ക് നൽകിയിട്ടും

അച്ചടക്കനടപടികൾ ആരംഭിക്കാതിരിക്കുകയോ 2 മാസത്തിനകം അച്ചടക്കനടപടികൾ പൂർത്തീകരിക്കാതിരിക്കുകയോ, അല്ലെങ്കിൽ അച്ചടക്കനടപടികൾ മതിയായ കാരണങ്ങളില്ലാതെ പിൻവലിക്കുകയോ അല്ലെങ്കിൽ മതിയായ ശിക്ഷ നൽകാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ സർക്കാരിനോ അല്ലെങ്കിൽ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അച്ചടക്കനടപടികൾ ബന്ധപ്പെട്ട അധ്യാപകനുമേൽ സ്വീകരിക്കാവുന്നതാണ് എന്ന് KER വകുപ്പ് 12 A നിഷ്കർഷിക്കുന്നുണ്ട്.

4. മേൽ സാഹചര്യത്തിൽ മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പോക്സോ കേസിൽ കുറ്റാരോപിതരായ എയ്ഡഡ് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നും/പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടും മാനേജർ ഉചിതമായ അച്ചടക്ക നടപടി ആരംഭിക്കാത്ത/ സ്വീകരിക്കാത്ത ഒരു വർഷം പഴക്കമുള്ള കേസുകളിൽ KER Chapter XIV A ചട്ടം 75A പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി/ആർ.ഡി.ഡി എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹേമലത സി കെ

ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം), തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിഭാഗം), തിരുവനന്തപുരം

നിയമ വകുപ്പ് (OPN-F1/66/2025 - Law)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (അറിവിലേക്കായി)

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

വെബ് (കൈറ്റ്സ്/ ന്യൂ മീഡിയ)

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 02-06-2025 16:51:24

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു: പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്